ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:05.11.2024**

## പ്രധാനവാർത്തകൾ

1. ഭാരതത്തെ ആദ്ധ്യാത്മികമായും സാംസ്കാരികമായും സുദൃഢമാക്കുന്നതിൽ ബുദ്ധമതത്തിന്റെ സ്ഥാനം മഹത്തരമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

2. റെയിൽവെയുടെ കരാർ ശുചീകരണ തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ.

3. വയനാട് ലോക് സഭാ ഉപതിരഞ്ഞെടുപ്പിൽ പ്രചാരണം ശക്തമാക്കി മുന്നണികൾ. പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളും പ്രചാരണ ചൂടിൽ.

4. ശബരിമല തീർത്ഥാടനത്തിന് എത്തുന്നവർക്കായി മികച്ച ആരോഗ്യ സംവിധാനങ്ങൾ ഉറപ്പാക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.

5. യു.എസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഇന്ന്. പോരാട്ടം മുൻ പ്രസിഡന്റ് ഡോണൾഡ് ട്രംപും, വൈസ് പ്രസിഡന്റ് കമല ഹാരിസും തമ്മിൽ.

6. എറണാകുളത്ത് നടക്കുന്ന സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല മുന്നിൽ. സവിശേഷ പരിഗണന അർഹിക്കുന്നവരുടെ വിഭാഗത്തിൽ തിരുവനന്തപുരത്തിന് ആദ്യ സ്വർണ്ണം.

RNU TVPM

==========================================

**രാഷ്ട്രപതി – (ഇൻട്രോ)**

ഭാരതത്തെ ആദ്ധ്യാത്മികമായും സാംസ്കാരികമായും സുദൃഢമാക്കുന്നതിൽ ബുദ്ധമതത്തിന്റെ സ്ഥാനം മഹത്തരമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഏഷ്യയെ ശക്തിപ്പെടുത്തുന്നതിൽ ബുദ്ധമതം വഹിച്ച പങ്ക് പ്രശംസനീയമാണെന്നും രാഷ്ട്രപതി. ന്യൂഡൽഹിയിൽ പ്രഥമ ഏഷ്യൻ ബുദ്ധമത ഉച്ചകോടിയെ അഭിസംബോധന ചെയ്ത് സാസാരിക്കുകയായിരുന്നു രാഷ്ട്രപതി.

**(രാഷ്ട്രപതി ബൈറ്റ്.....)**

ബുദ്ധമതത്തിന്റെ ശ്രേഷ്ഠമായ പൈതൃകം ആഘോഷിക്കുകയാണ് രണ്ട് ദിവസത്തെ സമ്മേളനത്തിന്റെ ലക്ഷ്യം. ഏഷ്യയെ ശക്തിപ്പെടുത്തുന്നതിൽ ബുദ്ധമതത്തിന്റെ പങ്ക് എന്നതാണ് പ്രമേയം. സാംസ്കാരിക മന്ത്രാലയം ഇന്റർ നാഷണൽ ബുദ്ധിസ്റ്റ് കോൺഫെഡറേഷന്റെ സഹകരണത്തോടെയാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്. ബുദ്ധമത സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള വേദി കൂടിയാണ് ഈ ഉച്ചകോടി.

RNU TVPM

==========================================

**അശ്വിനി വൈഷ്ണവ് – ഷൊർണ്ണൂർ അപകടം**

റെയിൽവേയുമായി ബന്ധപ്പെട്ട ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കരാർ തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവിന് കത്തയച്ചു. കഴിഞ്ഞ ദിവസം ഷൊർണ്ണൂർ റെയിൽവേ

സ്റ്റേഷന് സമീപമുള്ള റെയിൽപാളം വൃത്തിയാക്കുന്നതിനിടെ, നാല് തമിഴ്നാട് സ്വദേശികൾ ട്രെയിൻ ഇടിച്ചു മരിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് കത്ത്. ആമയിഴഞ്ചാൻ തോട്ടിൽ റെയിൽവേ കരാറുകാരൻ നിയമിച്ച ശുചീകരണ തൊഴിലാളി മുങ്ങിമരിച്ച സംഭവവും മുഖ്യമന്ത്രി കത്തിൽ ചൂണ്ടിക്കാട്ടി. മരിച്ചവരുടെ കുടുംബങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകണമെന്നും കത്തിൽ പറയുന്നു.

==========================================

**പ്രധാനമന്ത്രി – കാനഡ**

കാനഡയിലെ ഹിന്ദു ക്ഷേത്രത്തിന് നേരെയുണ്ടായ ആക്രമണത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി ശക്തമായി അപലപിച്ചു. രാജ്യത്തെ നയതന്ത്രജ്ഞരെ ഭീഷണിപ്പെടുത്താനുള്ള ഭീരുത്വം നിറഞ്ഞ ശ്രമങ്ങൾ ഒരുപോലെ ഭയാനകമാണെന്ന് സോഷ്യൽ മീഡിയ പോസ്റ്റിൽ പ്രധാനമന്ത്രി പറഞ്ഞു. നീതി ഉറപ്പാക്കാനും നിയമവാഴ്ച ഉയർത്തിപ്പിടിക്കാനും അദ്ദേഹം കനേഡിയൻ സർക്കാരിനോട് ആവശ്യപ്പെട്ടു.

RNUTVPM

==========================================

**വയനാട് തിരഞ്ഞെടുപ്പ്**

വയനാട് ലോക്സഭ ഉപതിരഞ്ഞെടുപ്പിൽ പ്രചാരണം ശക്തമാക്കി മുന്നണികൾ. യു.ഡി.എഫ് സ്ഥാനാർത്ഥി പ്രിയങ്കഗാന്ധിയുടെ രണ്ടാംഘട്ട പ്രചാരണം ഇന്ന് വണ്ടൂർ, നിലമ്പൂർ മണ്ഡലങ്ങളിൽ നടക്കും. എൽ.ഡി.എഫ് സ്ഥാനാർഥി സത്യൻ മൊകേരിയുടെ പ്രചാരണം നിലമ്പൂർ മണ്ഡലത്തിലാണ്. എൻ.ഡി.എ സ്ഥാനാർഥി നവ്യ ഹരിദാസിന്റെ പ്രചാരണം ഇന്ന് ബത്തേരിയിൽ നടക്കും.

==========================================

**തിരഞ്ഞെടുപ്പ് – തൃശൂർ**

ചേലക്കര മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി. സ്ഥാനാർത്ഥികളെല്ലാം ജനങ്ങളെ നേരിട്ടുകണ്ട് വോട്ടുകൾ തേടുന്നതിനുള്ള തിരക്കിലാണ്.

UDF സ്ഥാനാർത്ഥി രമ്യ ഹരിദാസിന്റെ മണ്ഡല പര്യടനം ഇന്ന് കാളിയാറിൽ നിന്നാരംഭിച്ച് പൂവത്താണിയിൽ സമാപിക്കും. എൻ.ഡി.എ സ്ഥാനാർഥി കെ ബാലകൃഷ്ണന്റെ തിരഞ്ഞെടുപ്പ് പര്യടനത്തിന്റെ ഭാഗമായി വൈകിട്ട് നടക്കുന്ന യോഗം പത്മജ വേണുഗോപാൽ ഉദ്ഘാടനം ചെയ്യും. എൽ ഡി എഫ് സ്ഥാനാർഥി യു ആർ പ്രദീപിന്റെ തിരഞ്ഞെടുപ്പ് പര്യടനം ഒലിപ്പാറയിൽ നിന്നാരംഭിച്ച് മങ്ങാട് അവസാനിക്കും.

RNU TVPM

==========================================

**മഹാരാഷ്ട്ര, ഝാർഖണ്ഡ്**

മഹാരാഷ്ട്ര, ഝാർഖണ്ഡ് സംസ്ഥാനങ്ങളിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണ രംഗത്ത് പ്രമുഖ രാഷ്ട്രീയ കക്ഷികൾ സജീവം. പ്രധാനമന്ത്രി നരേന്ദ്രമോദി മഹാരാഷ്ട്രയിൽ ഈ മാസം എട്ട് മുതൽ 14 വരെ വിവിധ തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കും. മുതിർന്ന ബിജെപി നേതാവും രാജ്യരക്ഷാമന്ത്രിയുമായ രാജ് നാഥ് സിങ് ഝാർഖണ്ഡിൽ ഇന്ന് തിരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കും. മുതിർന്ന കോൺഗ്രസ് നേതാവ് മല്ലികാർജ്ജുൻ ഖാർഗെ , I.N.D.I. സഖ്യത്തിനുവേണ്ടി വിവിധ തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കും.

==========================================

**ശബരിമല – ആരോഗ്യമന്ത്രി**

ശബരിമല തീർത്ഥാടനത്തിന് എത്തുന്നവർക്കായി മികച്ച ആരോഗ്യ സംവിധാനങ്ങൾ ഉറപ്പാക്കുമെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. തീർത്ഥാടനവുമായി ബന്ധപ്പെട്ട് പമ്പ ശ്രീരാമസാകേതം ഹാളിൽ ചേർന്ന ആരോഗ്യവകുപ്പിന്റെ അവലോകനയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പത്തനംതിട്ട ജില്ലയിൽ ശബരിമല പ്രത്യേക ആശുപത്രിയായി കോന്നി മെഡിക്കൽ കോളജിനെ തെരഞ്ഞെടുത്തിട്ടുണ്ട്. നവംബർ 10 നകം ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട എല്ലാ ക്രമീകരണങ്ങളും പൂർത്തിയാക്കണമെന്നും മന്ത്രി നിർദ്ദേശം നൽകി.

===========================================

RNUTVPM

**റെയിൽവെ-ട്രെയിൻ സർവീസ്**

ഉത്സവ സീസണിലെ തിരക്ക് കണക്കിലെടുത്ത് ഇന്ന് ഡൽഹിയിൽ നിന്ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് 22 ഓളം സ്പെഷ്യൽ ട്രെയിനുകൾ സർവീസ് നടത്തും. മുസാഫിർപൂർ, പട്ന, ഗോരഖ്പൂർ, ദാർബംഗ, സെക്കന്തരബാദ്, മാൽഡ ടൗൺ എന്നിവിടങ്ങളിലേക്കുള്ള പ്രത്യേക ട്രെയിനുകൾ ഉൾപ്പടെയാണിത്. ഛട്ട് പൂജയോടനുബന്ധിച്ച് ഈ മാസം 2 മുതൽ 8 വരെ 145 അധിക സ്പെഷ്യൽ ട്രെയിനുകൾ സർവീസ് നടത്തുന്നുണ്ടെന്ന് റെയിൽവേ അറിയിച്ചു. ഉത്സവ സീസൺ കണക്കിലെടുത്ത് ഏകദേശം 7,000 സർവ്വീസുകളാണ് കഴിഞ്ഞ മാസം 1 മുതൽ ഈ മാസം 30 വരെ നടത്തുന്നത്.

===========================================

**കാലാവസ്ഥ**

കേരളം, മാഹി,തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ ഈ ആഴ്ച ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

സംസ്ഥാനത്ത് ഈ മാസം 8 മുതൽ മഴ വീണ്ടും കനക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ വെള്ളിയാഴ്ചയും ശനിയാഴ്ചയും മഞ്ഞ ജാഗ്രതയാണ്.

==========================================

**യു.എസ് പ്രസിഡന്റ്**

യു.എസിൽ പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഇന്ന്. റിപ്പബ്ലിക്കൻ നോമിനിയും മുൻ പ്രസിഡന്റുമായ ഡോണൾഡ് ട്രംപും ഡെമോക്രാറ്റിക്ക് സ്ഥാനാർത്ഥിയും വൈസ് പ്രസിഡന്റുമായ കമല ഹാരിസും തമ്മിലാണ് പോരാട്ടം. തിരഞ്ഞെടുപ്പ് ഇന്ത്യൻ സമയം ഇന്ന് വൈകിട്ട് 5.30 നും രാത്രി 7.30 നും ഇടയിലായിരിക്കും. തിരഞ്ഞെടുപ്പിൽ വിജയിക്കാൻ ഒരു സ്ഥാനാർത്ഥിക്ക് 270 ഇലക്ടറൽ കോളേജ് വോട്ടുകൾ ആവശ്യമാണ്. അടുത്ത വർഷം ജനുവരി 6 ന് നടക്കുന്ന യു എസ് കോൺഗ്രസിന്റെ പ്രത്യേക സമ്മേളനത്തിൽ ഇലക്ടറൽ വോട്ടുകൾ എണ്ണും.

RNUTVPM

==========================================

**സുനാമി ജാഗ്രതാ ദിനം – (ഇൻട്രോ)**

ഇന്ന് ലോക സുനാമി ജാഗ്രതാ ദിനം. സുനാമിയുടെ പ്രത്യാഘാതങ്ങളെക്കുറിച്ചും സുനാമി തയ്യാറെടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും സുനാമി മുന്നറിയിപ്പിനെക്കുറിച്ചും അവബോധം സൃഷ്ടിക്കുകയാണ് ദിനാചരണ ലക്ഷ്യം. ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഇന്ന്

മോക്ഡ്രിൽ സംഘടിപ്പിച്ചു. ഇതേക്കുറിച്ച് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിലെ സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ ഡോ. മിഥില മല്ലിക ആകാശവാണി വാർത്തകളോട്.....

(ബൈറ്റ്....................)

==========================================

**സ്കൂൾ കായികമേള**

എറണാകുളത്ത് നടക്കുന്ന സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല 643 പോയിന്റോടെ മുന്നിട്ടുനിൽക്കുന്നു. 316 പോയിന്റോടെ  കണ്ണൂരാണ് നിലവിൽ രണ്ടാംസ്ഥാനത്ത്. 295 പോയിന്റോടെ തൃശൂർ മൂന്നാം സ്ഥാനത്ത്.

==========================================

**കായികമേള – സ്വർണ്ണം**

എറണാകുളത്ത് നടക്കുന്ന സംസ്ഥാന സ്കൂൾ കായിക മേളയിൽ ആദ്യ മെഡൽ തിരുവനന്തപുരം ജില്ല കരസ്ഥമാക്കി. സവിശേഷ പരിഗണന അർഹിക്കുന്നവരുടെ വിഭാഗത്തിൽ നടന്ന 14 വയസ്സിന് മുകളിലുള്ളവരുടെ മിക്സഡ് സ്റ്റാൻഡിങ് ജമ്പിലാണ് തിരുവനന്തപുരം നേട്ടം കൊയ്തത്. പാലക്കാട് ജില്ല രണ്ടാം സ്ഥാനവും, പത്തനംതിട്ട മൂന്നാം സ്ഥാനവും നേടി.

==========================================

**ലക്ഷദ്വീപ് -  സ്കൂൾ കായികമേള**

ലക്ഷദ്വീപിലെ  അഗത്തിയിൽ നടന്ന 33-ാ മത് സ്കൂൾ കായിക മേളയിൽ അന്ത്രോത്ത് ദ്വീപ് ചാംപ്യൻമാരായി. 19 സ്വർണ്ണവും 15 വെള്ളിയും, 16 വെങ്കലവും, ഉൾപ്പെടെ 199 പോയിന്റുകൾ നേടിയാണ് കഴിഞ്ഞ രണ്ടുതവണ നഷ്ടമായ കിരീടം ആന്ത്രോത്ത് ദ്വീപ് തിരിച്ചുപിടിച്ചത്. കവരത്തി ദ്വീപ് രണ്ടാം

RNUTVPM

സ്ഥാനവും ആതിഥേയരായ അഗത്തി ദ്വീപ് മൂന്നാം സ്ഥാനവും നേടി.

==========================================

**വഖഫ് ബോർഡ് ചെയർമാൻ**

ആരെയും കുടിയൊഴിപ്പിക്കാൻ വഖഫ് ബോർഡ് ഉദ്ദേശിക്കുന്നില്ലെന്നും പ്രശ്നം നിയമപരമായി പരിഹരിക്കുമെന്നും ബോർഡ് ചെയർമാൻ എം.കെ സക്കീർ. സർക്കാർ എടുക്കുന്ന തീരുമാനം അംഗീകരിക്കുമെന്നും ചെയർമാൻ.

==========================================

**ആലപ്പുഴ - (ഇൻട്രോ)**

ആലപ്പുഴ നഗരവാസികൾ കുടിവെള്ളക്ഷാമം മൂലം ദുരിതത്തിലാണ്. കഴിഞ്ഞ അഞ്ചുദിവസമായി രൂക്ഷമായ കുടിവെള്ളക്ഷാമമാണ് ഇവിടെ അനുഭവപ്പെടുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ ....**
**(വോയിസ്.......)**

RNU TVPM

==========================================

**ഹൈക്കോടതി**

2021 ലെ അസംബ്ലി തെരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർത്ഥിയായി പാലയിൽ നിന്നും മാണി സി കാപ്പൻ തെരഞ്ഞെടുക്കപ്പെട്ടതിനെ ചോദ്യം ചെയ്തു സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി. തെരഞ്ഞെടുപ്പിൽ സ്വതന്ത്രനായി മത്സരിച്ച സി വി ജോൺ സമർപ്പിച്ച ഹർജിയാണ് ജസ്റ്റിസ് സി ജയചന്ദ്രൻ തള്ളിയത്. ജന പ്രാതിനിധ്യ നിയമ പ്രകാരം അനുവദിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ പണം

തെരഞ്ഞെടുപ്പിനായി വിനിയോഗിച്ചു എന്ന് ആരോപിച്ചാണ് ഹർജിക്കാരൻ കോടതിയെ സമീപിച്ചത്.

==================================================

**എ.ഡി.എം കണ്ണൂർ**

കണ്ണൂർ എ.ഡി. എം. കെ. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് റിമാൻഡിൽ കഴിയുന്ന കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് പി.പി. ദിവ്യ  സമർപ്പിച്ച ജാമ്യാപേക്ഷയിൽ വാദം തുടങ്ങി. തലശ്ശേരി ജില്ലാ സെഷൻസ് കോടതി മുമ്പാകെയാണ് വാദം. പി.പി.ദിവ്യയ്ക്കുവേണ്ടി ജാമ്യാപേക്ഷ നൽകിയ അഡ്വ. കെ. വിശ്വൻ ആണ് ആദ്യം വാദിക്കുന്നത്. പബ്ലിക് പ്രോസിക്യൂട്ടർ കെ. അജിത്ത്കുമാർ , നവീൻ ബാബുവിന്റെ ഭാര്യ മഞ്ജുഷയ്ക്കുവേണ്ടി അഡ്വ. ജോൺ എസ്.റാൽഫ് എന്നിവരും ജാമ്യാപേക്ഷയിൽ വാദം നടത്തും.

RNU TVPM

=======================

================================

==================================================